പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 603

8-3-2012 ൽ മറുപടിയ്ക്ക്

## സമഗ്ര ആരോഗ്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ എം.എ. വാഹീദ്<br>ശ്രീ ബെന്നി ബെഹനാൻ<br>ശ്രീ ജോസഫ് വാഴക്കൻ: | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും സമഗ്ര ആരോഗ്യ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം, നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സമഗ്ര ആരോഗ്യ പദ്ധതിയുടെ ഒന്നാം ഘട്ടം നടന്നുകൊണ്ടിരിക്കുന്നു. ജില്ലാതലത്തിലുള്ള മീറ്റിംഗ്, ട്രെയിനിംഗ്, ബോധവൽക്കരണം എന്നിവ നടത്തിക്കഴിഞ്ഞു. |
| (ബി) | ഏതെല്ലാം കാര്യങ്ങൾക്കാണ് ഈ പദ്ധതിയിൽ രൂപം നൽകിയിട്ടുള്ളത്; | (ബി) | സമഗ്ര ആരോഗ്യ പദ്ധതിയിൽ സംസ്ഥാനത്തുണ്ടാകുന്ന പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം, കാൻസർ, പക്ഷാഘാതം തുടങ്ങിയ രോഗങ്ങളുടെ നിയന്ത്രണം എന്നിവയാണുൾപ്പെടുത്തിയിട്ടുള്ളത്. പകർച്ചവ്യാധി നിയന്ത്രണപദ്ധതിയിൽ സംസ്ഥാനത്ത് കൂടുതലായി കണ്ടുവരുന്ന എലിപ്പനി, മഞ്ഞപ്പിത്തം, ഡെങ്കിപ്പനി, ചിക്കൻഗുനിയ, മലമ്പനി, വയറിളക്കരോഗങ്ങൾ മുതലായവയെ ഫലപ്രദമായി തടയുകയും നിയന്ത്രിച്ചുനിർത്തുകയും ചെയ്യുന്നു. ഇവയുടെ രോഗനിർണ്ണയവും രജിസ്ട്രേഷനും ആശാ പ്രവർത്തകരുടെ സഹായത്തോടെയും ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ / ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ എന്നിവരുടെ സഹായത്തോടെയും ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 30 വയസ്സുകഴിഞ്ഞതും പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, കാൻസർ, പക്ഷാഘാതം എന്നീ രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളവരെ പരിശോധിച്ച് പി.എച്ച്.സി/ സി.എച്ച്.സി കളിലേയ്ക്ക് റഫർ ചെയ്ത് അവർക്കുവേണ്ട മരുന്നും നിർദ്ദേശങ്ങളും പൂർണ്ണമായും സൗജന്യമായി നൽകുന്നു. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്? | (സി) | സമഗ്ര ആരോഗ്യ പരിപാടി വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കിവരുന്നത്. ആരോഗ്യവകുപ്പിനുപുറമേ തദ്ദേശസ്വയംഭരണം, സാമൂഹ്യക്ഷേമ, പൊതുമരാമത്ത്, കൃഷി, മൃഗസംരക്ഷണ, ജലസേചന വകുപ്പുകൾ എന്നിവരേയും പങ്കാളികളാക്കിയിട്ടുണ്ട്. |

B.V. Kumar

സെക്ഷൻ ഓഫീസർ